## മയക്കുമരുന്നുമായി യുവാവ് പിടിയിൽ

കൊച്ചി: മയക്കു മരുന്ന് വില്പനയ്ക്കിടെ പള്ളുരുത്തി പോത്തംപള്ളി വീട്ടിൽ സമ്പത്തിന്റെ മകൻ ഷമീറിനെ (24) പൊലീസ് അറസ്റ്റ് ചെയ്തു. പട്രോളിംഗ് ഡ്യൂട്ടിക്കിടെ പൊലീസ് ജീപ്പ് കണ്ട് മാറി പോകുവാൻ ശ്രമിച്ച യുവാവിനെ സംശയം തോന്നി നടത്തിയ പരിശോധനയിലാണ് 172 ഓളം ഗുളികകൾ കണ്ടെടുത്തത്. എറണാകുളം സിറ്റി പൊലീസ് കമ്മീഷണർ എം.ആർ. അജിത്കുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പൊലീസ് കമ്മീഷണർ സുനിൽ ജേക്കബിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## മോഷ്ടാവിനെ പിടികൂടി

കൊച്ചി: എറണാകുളം ഷേണായീസ് തീയറ്ററിന് പുറകിലുള്ള ശാലോം മാർത്തോമ പള്ളിയുടെ കാർപോർച്ചിൽ നിന്ന് ബാറ്ററി മോഷ്ടിച്ച ഇടപ്പള്ളി മരോട്ടി

വർഗീസ്

ചവടിൽ പയ്യാപ്പിള്ളി വീട്ടിൽ അംബ്രോസിന്റെ മകൻ വർഗീസി (42) നെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. നൈറ്റ് പട്രോളിംഗിനിടെ മാധവ പാർമസി ജംഗ്ഷനിൽ ഒരാൾ തലയിൽ എന്തോ ചുമന്ന് കൊണ്ടുപോകുന്നതായി കണ്ടതിനെ തുടർന്ന് ഇയാളെ തടഞ്ഞു നിർത്തി നോക്കിയപ്പോഴാണ് വലിയ ബാറ്ററി കണ്ടെത്തിയത്. തുടർന്ന് ചോദ്യം ചെയ്തതിൽ നിന്നുമാണ് മാർത്തോമ്മ പള്ളിയുടെ കാർപോർച്ചിൽ നിന്ന് മോഷ്ടിച്ചതാണെന്ന് ഇയാൾ സമ്മതിച്ചത്.

കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. എസ്.ഐമാരായ അനന്തലാൽ, സലിം, സിവിൽ പൊലീസ് ഓഫീസർമാരായ ഷാജി, ജോഷി എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.

# സുബ്രഹ്മണ്യന്റെ കൊലപാതകം: അഞ്ചു പേർ പിടിയിലായി

കളമശേരി: ഓട്ടോറിക്ഷ ഡ്രൈവർ എളമക്കര ചാത്തോലപ്പാടത്ത് സുബ്രഹ്മണ്യൻ (47) സംഘട്ടനത്തിൽ മരിച്ച കേസിൽ ഒളിവിലായിരുന്ന അഞ്ച് പ്രതികളെക്കൂടി പൊലിസ് അറസ്റ്റ് ചെയ്തു. ഈ കേസിൽ അഞ്ച് പ്രതികളെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

എളമക്കര എട്ടുകാട്ടിൽ ടെമ്പിൾറോഡിൽ സംഗമം ലെയ്ന് എതിർവശം എടവേലി പ്പറമ്പിൽ വീട്ടിൽ സംഗീത് ആന്റണി (33), അനിയൻ സാജൻ ആന്റണി (30), എളമക്കര എട്ടുകാട്ടിൽ ടെമ്പിൾ റോഡിൽ അമ്പലത്തിന് തെക്കുവശം കളരിക്കൽ വീട്ടിൽ കെ.വി.സുധീഷ് (26), എളമക്കര കറുകപ്പിള്ളി ഈച്ചരംഗാട്ട് റോഡിൽ തച്ചിൽപറമ്പിൽ വീട്ടിൽ വിജേഷ് (23), എളമക്കര എട്ടുകാട്ടിൽ അമ്പലത്തിന് പുറകുവശം എട്ടുകാട്ട് പറമ്പ് വീട്ടിൽ ശിവപ്രസാദ് (26) എന്നിവരാണ് അറസ്റ്റിലായത്.

കളമശരി സർക്കിൾ ഇൻസ്പെക്ടർ വി.കെ.സനിൽകുമാർ, സബ് ഇൻസ്പെക്ടർമാരായ എം.ബി.ലത്തീഫ്, അബ്ദുൾ മജീദ്, സീനിയർ സി.പി.ഒ ആന്റണി സെബാസ്റ്റ്യൻ, സി.പി.ഒ. പി.ആർ. സീമോൻ, എന്നിവരാണ് പ്രതികളെ ഇടപ്പള്ളി ടോൾ, നോർത്ത് കളമശ്ശ?രി എന്നിവിടങ്ങളിൽ നിന്ന് അറസ്റ്റ് ചെയ്തത്.

സംഭവത്തിന് ശേഷം പ്രതികൾ കോതമംഗലം, അടിമാലി, മൂന്നാർ, അങ്കമാലി, തൃശ്ശൂർ, തൃപ്രയാർ, മധുര, വേളാങ്കണ്ണി, പഴനി, പൊള്ളാച്ചി,കന്യാകുമാരി എന്നിവിടങ്ങളിൽ ഒളിവിൽ താമസിച്ചുവെന്നും വീണ്ടും ഒളിവിൽ പോകുന്നതിന് പണം സംഘടിപ്പിക്കുവാൻ എത്തിയപ്പോഴാണ് പിടിയിലായതെന്നും പൊലിസ് പറഞ്ഞു. പ്രതികളെ ആലുവ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി.

പൊറ്റക്കുഴി പള്ളി ഹാളിൽ ജനവരി എട്ടിന് നടന്ന കല്യാണ നിശ്ചയത്തിനിടെയുണ്ടായ വാക്കുതർക്കമാണ് അന്ന് തന്നെ വൈകിട്ട് ഏറ്റുമുട്ടലിലും സുബ്രഹ്മണ്യന്റെ മരണത്തിലും കലാശിച്ചത്.

## സി.പി.എം: സെമിനാറുകൾ ഫെബ്രുവരി മൂന്നിന് തുടങ്ങും

തിരുവനന്തപുരം: സി.പി.എം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള ദേശീയ സെമിനാറുകൾ ഫെബ്രുവരി മൂന്നിന് തുടങ്ങും. ദേശീയ സെമിനാറുകൾക്ക് പുറമെ 18 പ്രാദേശിക സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

മൂന്നാം തീയതി വൈകിട്ട് നാലിന് ലോക്പാൽ നിയമവും ഇന്ത്യൻ ജനാധിപത്യവും എന്ന വിഷയത്തിലാണ് ആദ്യ സെമിനാർ. സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ എ. വിജരാഘവൻ അദ്ധ്യക്ഷത വഹിക്കും. നാഷണൽ ലോ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. എൻ. ആർ. മാധവമേനോൻ മുഖ്യപ്രഭാഷണം നടത്തും. അരുണാ റോയ്, വി.എം. സുധീരൻ, ബിനോയ് വിശ്വം, എൻ. കെ. പ്രേമചന്ദ്രൻ, ഡോ. സെബാസ്റ്റ്യൻ പോൾ എന്നിവർ സംസാരിക്കും.

എന്തുകൊണ്ട് മാർക്സിസം എന്ന വിഷയത്തിൽ നാലിന് വൈകുന്നേരം നടക്കുന്ന സെമിനാർ പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യും. ഡോ. ടി.എം. തോമസ് ഐസക് അദ്ധ്യക്ഷത വഹിക്കുന്ന സെമിനാറിൽ ഡോ. പ്രഭാത് പട്നായിക് മുഖ്യപ്രഭാഷണം നടത്തും. ഡോ. സി.പി. ചന്ദ്രശേഖർ, പന്ന്യൻ രവീന്ദ്രൻ, പി. ഗോവിന്ദപിള്ള എന്നിവർ പങ്കെടുക്കും.

മതേതര ജനാധിപത്യ സംസ്കാരത്തിനുവേണ്ടി എന്ന വിഷയത്തിൽ അഞ്ചിന് വൈകുന്നേരം നാലു മണിക്ക് നടക്കുന്ന സെമിനാർ ഡോ. കെ. എൻ. പണിക്കർ ഉദ്ഘാടനം ചെയ്യും. എം.എ. ബേബി അദ്ധ്യക്ഷത വഹിക്കും. മാലശ്രീ ഹാശ്മി, പ്രൊഫ. നൈനാൻ കോശി, ടി.വി. ചന്ദ്രൻ, പി.ടി. കുഞ്ഞിമുഹമ്മദ്, ഹമീദ് ചേന്നമംഗലൂർ എന്നിവർ പ്രഭാഷണം നടത്തും.

ആറിന് ഉച്ചയ്ക്ക് രണ്ടു മണിക്ക് ആഗോളവത്ക്കരണകാലത്തെ കലയും സാഹിത്യവും എന്ന വിഷയത്തിൽ സെമിനാർ നടക്കും.

# പരീക്ഷണം വിജയം, ആർ.ടി ഓഫീസ് ഓൺലൈനിലേക്ക്

### രണ്ടുമാസത്തിനുള്ളിൽ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കും

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വാഹന നികുതി ഉൾപ്പെടെയുള്ള വിവിധ ഫീസുകൾ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം നിലവിൽ വന്നു. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കഴക്കൂട്ടം ആർ.ടി ഓഫീസുകളിലാണ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. രണ്ടുമാസത്തിനുള്ളിൽ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കും.

റോഡ് നികുതിക്ക് പുറമെ ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ്, ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് തുടങ്ങിയ എല്ലാ സേവനങ്ങളും മോട്ടോർ വാഹനവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

വെബ്സൈറ്റിൽ പ്രവേശിച്ച് ഫോം പൂരിപ്പിച്ച് നൽകിയാൽ ഓൺലൈനായി പണമടയ്ക്കാൻ കഴിയും.

ഇതിന്റെ രസീതും ആവശ്യമുള്ള രേഖകളും പിന്നീട് ആർ.ടി ഓഫീസിൽ എത്തിച്ചാൽ മതി.

നെറ്റ് ബാങ്കിംഗ് സൗകര്യമുള്ള എസ്.ബി.ടി/ എസ്.ബി.ഐ അക്കൗണ്ട് ഉടമകൾക്കാണ് ആദ്യഘട്ടത്തിൽ ഈ സേവനം പ്രയോജനപ്പെടുത്താൻ കഴിയുക.

ഗതാഗത വകുപ്പിന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് വലതു വശത്തായി ക്രമീകരിച്ചിരിക്കുന്ന ഇ- ആപ്ലിക്കേഷൻ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുക.

വിവിധ സേവനങ്ങൾക്കുള്ള 21 ലിങ്കുകൾ വെബ്സൈറ്റിലുണ്ട്.

ആവശ്യമുള്ള ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷ പൂരിപ്പിച്ചു കഴിഞ്ഞാൽ ബാങ്കിന്റെ വെബ്സൈറ്റിലെത്തും. പണം അടച്ചതിന് ശേഷം രസീതും അപേക്ഷയുടെ പകർപ്പും ലഭിക്കും. ഇത് പ്രിന്റ് എടുത്ത് ആർ.ടി. ഓഫീസിൽ എത്തിക്കണം. ഇതോടൊപ്പം സമർപ്പിക്കേണ്ട അസ്സൽ രേഖകൾ സംബന്ധിച്ച വിവരവും വെബ്സൈറ്റിൽ നിന്ന് അറിയാനാകും.

ലേണേഴ്സ് ലൈസൻസ്, ലൈസൻസ് വിശദാംശങ്ങൾ, ലൈസൻസിലെ മേൽവിലാസം മാറ്റൽ, ബാഡ്ജ്, വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റൽ തുടങ്ങിയ നിരവധി സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷ നൽകാവുന്നതാണ്.

### സൂക്ഷിക്കാൻ പാങ്ങില്ല, ബ്ളഡ് ബാങ്കുകളിൽ

# രക്തം പാഴാകുന്നു

ടി.സി രാജേഷ്

തിരുവനന്തപുരം: അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം കേരളത്തിലെ സർക്കാർ മേഖലയിലുള്ള ബ്ലഡ് ബാങ്കുകളിൽ സൂക്ഷിക്കുന്ന രക്തത്തിൽ ഏറെയും പാഴായിപ്പോകുന്നു. സ്വമേധയാ രക്തദാനം ചെയ്യുന്നവരുടെ എണ്ണത്തിലെ കുറവുമൂലം പല തരത്തിലുമുള്ള വിഷമതകൾ അനുഭവപ്പെടുമ്പോഴാണിത്.

വോൾട്ടേജ് വ്യതിയാനവും വൈദ്യുതി മുടക്കവും നേരിടാൻ സംവിധാനമേർപ്പെടുത്താത്തതും രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിനുള്ള യൂണിറ്റുകളുടെ അപര്യാപ്തതയുമാണ് പലരും ദാനം ചെയ്യുന്ന രക്തം സൂക്ഷിച്ചുവയ്ക്കാനാകാതെ പാഴായിപ്പോകുന്നതിന്റെ കാരണം.

കേരളത്തിലെ ഒട്ടുമിക്ക താലൂക്ക് - ജില്ലാ ആശുപത്രികളിലും ഇപ്പോഴും രക്തം സൂക്ഷിക്കുന്നതിനോ രക്തത്തിലെ ഘടകങ്ങൾ വേർതിരിക്കുന്നതിനോ ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സമീപനാളിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വൈദ്യുതി തകരാറുമൂലം നൂറു യൂണിറ്റോളം രക്തം പാഴായിപ്പോയിരുന്നു. സംസ്ഥാനത്താകെ ഇതാണു സ്ഥിതിയെങ്കിലും പലതും പുറത്തറിയുന്നില്ലെന്നതാണ് വസ്തുത. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ 164ഉം സർക്കാർ മേഖലയിൽ 33ഉം ബ്ലഡ് ബാങ്കുകളാണുള്ളത്.

ഡ്രഗ് കൺട്രോൾ വിഭാഗവും കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലുമാണ് ഇവിടങ്ങളിൽ ആവശ്യമായ പ്രവർത്തനനിലവാരം ഉറപ്പാക്കേണ്ടത്. എന്നാൽ ഈ വിഭാഗങ്ങളിൽ ആവശ്യത്തിനു ജീവനക്കാരില്ലാത്തത് ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു തടസ്സമാകുന്നു.മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിൽ വാർഷിക രക്തദാതാക്കളുടെ എണ്ണം കുറവാണ്. സ്വമേധയായുള്ള രക്തദാനം പ്രോൽസാഹിപ്പിക്കാൻ സർക്കാരും സംഘടനകളും പലതും ചെയ്യുന്നുണ്ടെങ്കിലും ഇപ്പോഴും ഇത് വേണ്ടത്ര ഫലവത്തായിട്ടില്ല. കേരളത്തിനു പുറത്തുള്ള മിക്ക സംസ്ഥാനങ്ങളിലും ശേഖരിക്കപ്പെടുന്ന രക്തത്തിൻെറ 70 മുതൽ 80 ശതമാനം വരെ സ്വമേധയാ ദാനം ചെയ്യപ്പെടുന്നതാണ്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്, മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിലെ ആശുപത്രികളിൽ രക്തഘടകങ്ങൾ വേർതിരിക്കാനുള്ള സംവിധാനം സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ. ഗർഭിണികൾക്കും മറ്റും സഹായകമാകും വിധത്തിൽ 34 കേന്ദ്രങ്ങളിൽ കൂടി രക്തം ശേഖരിച്ചുവയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താനും കൗൺസിൽ ആലോചിക്കുന്നുണ്ട്.

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് മുഖംമാറ്റം?

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കാൻ പദ്ധതി

തിരുവനന്തപുരം: സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങി. പക്ഷെ, സംസ്ഥാന സർക്കാർ ഇതുവരെ ഈ പദ്ധതിക്കു പച്ചക്കൊടി കാട്ടിയിട്ടില്ല.

കർണാടകയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽപരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു നേതൃത്വം നൽകിയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ജോബ് ട്രെയ്നിംഗ് എന്ന സ്ഥാപനമാണ് ചർച്ചകൾക്കായി രംഗത്തുവന്നിരിക്കുന്നത്. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കരിയർ സ്കിൽ ഡെവലപ്മെന്റ് സ്ഥാപനമാണിത്.

സംസ്ഥാനത്തുടനീളമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പ്രൈവറ്റ് - പബ്ലിക്- പാർടണർഷിപ്പ് (പിപിപി) വഴി തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കുന്നതിനുള്ള നീക്കമാണ് നടന്നുവരുന്നത്.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി നേടുന്നവർ ഇപ്പോൾ വളരെ കുറവാണ്.

താത്കാലിക ജോലികളിലേക്ക് ആളെ കണ്ടെത്തുന്നതിനുള്ള സ്ഥാപനം മാത്രമായി ഇവ മാറിക്കഴിഞ്ഞു.

ഈ സാഹചര്യത്തിൽ കാലാനുസൃതമായി ഇവരെ പരിഷ്കരിക്കണമെന്നാണ് ഈ ശ്രമങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നവർ പറയുന്നത്.

ബാംഗ്ലൂരിൽ ഇത്തരത്തിൽ സ്ഥാപിതമായ ആദ്യത്തെ പബ്ലിക് - പ്രൈവറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വിപുലമായ സൗകര്യങ്ങളാണ് ഉദ്യോഗാർഥികൾക്കായി ഏർപ്പെടുത്തിയിരിക്കുന്നതെന്നതെന്ന് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നു.

രജിസ്ട്രേഷൻ, കൗൺസലിംഗ്, സർട്ടിഫിക്കേഷൻ, പരിശീലനം, നിയമനം തുടങ്ങിയവയെല്ലാം ഇവിടെത്തന്നെ നടത്തി യുവാക്കൾക്ക് കൃത്യമായ തൊഴിൽ കണ്ടെത്തിക്കൊടുക്കാനാണ് ഇവയുടെ ശ്രമം.

ഉദ്യോഗാർഥികളുടെ വിദ്യാഭ്യാസവും തൊഴിൽപരമായ കഴിവുകളും യോഗ്യതയും പരസ്പരം യോജിച്ചുപോകാത്തതാണ് കേരളത്തിലെ തൊഴിലില്ലായ്മയുടെ കാരണമെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

കർണാടകത്തിൽ സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ നൽകിയതിനെതുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്കുള്ള പരിശീലനമുൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങൾ ഐഐജെടി ചെയ്തു കൊടുക്കുകയായിരുന്നു.

രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പേർക്കും ജോലി ലഭിക്കുമെന്നാണ് ഐഐജെടിയുടെ അവകാശവാദം. എന്തായാലും ഇവരുടെ പ്രൊപ്പോസൽ ഇതുവരെ കേരള സർക്കാർ അംഗീകരിച്ചിട്ടില്ല.

## കേരളത്തിന്റെ ജലപാതകൾക്ക് സ്ക്രീനിൽ പുനർജനി

തിരുവനന്തപുരം: കേരളത്തിലെ അവഗണിക്കപ്പെട്ടു പോയ ജലപാതകളെപ്പറ്റിയും അവ സംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്കാരിക വാണിജ്യ മേഖലകളിൽ ചെലുത്തിയ സ്വാധീനങ്ങളെപ്പറ്റിയും വിശദമായി പ്രതിപാദിക്കുന്ന ഡോക്യുമെന്ററി വരുന്നു. കേരള സർവ്വകലാശാലയ്ക്കു കീഴിലുള്ള ഇന്റർനാഷണൽ സെന്റർ ഓഫ് കേരള സ്റ്റഡീസ് ആണ് ജലപാതകളുടെ ചരിത്രം ചികയുന്നത്.

വിഷ്വൽ ഡോക്യുമെന്ററിക്കൊപ്പം ജലപാതകളുടെ പ്രാധാന്യവും പ്രൊജക്ടിന്റെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ച് പുസ്തകവും പുറത്തിറക്കുന്നുണ്ട്. മൊറോക്കൻ സഞ്ചാരിയായിരുന്ന ഇബൻ ബത്തൂത്തയുടെ കാലത്ത് ജലപാതകൾ വഹിച്ച പ്രാധാന്യമാണ് ഇതിൽ വിശദീകരിക്കുക. നാറ്റ്പാക്കിന്റെയും ജലഗതാഗത അതോറിറ്റിയുടെയും സഹകരണത്തോടെയാണ് പഠനം സംഘടിപ്പിക്കുന്നത്.

ദേശീയ ജലപാത മൂന്നിനെപ്പറ്റി വിശദമായിത്തന്നെ ഡോക്യുമെന്ററിയിൽ പ്രതിപാദിക്കും. കിഴക്കൻ തീരത്തുകൂടി പോകുന്ന ഈ ദേശീയ ജലപാത കോവളത്തു നിന്ന് കാസർകോട് വരെയുള്ളതാണ്. കോവളം - കൊല്ലം, കൊല്ലം - കോട്ടപ്പുറം, കോട്ടപ്പുറം - കാസർകോട് എന്നിങ്ങനെ മൂന്നു സെക്ടറുകളാക്കിയ ജലപാതയിൽ കൊല്ലം - കോട്ടപ്പുറം 168 കിലോമീറ്ററിന്റെ വികസനം മാത്രമാണ് ഇതുവരെ പൂർത്തിയാട്ടുള്ളത്. പ്രധാനപ്പെട്ട അഞ്ചു തടാകങ്ങളും 38 നദികളും ഉൾപ്പെട്ടതാണ് കേരളത്തിന്റെ ജലഗതാഗത ശൃംഖല.

1866ൽ ഉണ്ടായ കനത്ത വെള്ളപ്പൊക്കമാണ് പല കായലുകളുടെയും ഉൽഭവത്തിനു കാരണമായതായി പറയപ്പെടുന്നത്.

## 14010 കോടി രൂപ പദ്ധതി അടങ്കൽ

തിരുവനന്തപുരം: അടുത്ത വർഷത്തെ പദ്ധതി അടങ്കലിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. 14010 കോടി രൂപയാണ് അടങ്കൽ തുക. കൃഷിക്കാണ് മുൻതൂക്കം. ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖരൻ പദ്ധതി അടങ്കലിനെപ്പറ്റി മന്ത്രിസഭായോഗത്തിൽ വിശദീകരിച്ചു.

കഴിഞ്ഞ വർഷത്തെക്കാൾ 27.02 ശതമാനം കൂടുതലാണ് ഇത്തവണ. പച്ചക്കറിക്കൃഷിക്ക് കൂടുതൽ തുക നീക്കി വയ്ക്കും. ക്ഷീര മേഖലയ്ക്ക് നടപ്പു വർഷത്തെക്കാൾ 71 ശതമാനം തുക അധികം നൽകും. പത്ത് സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കും. തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളെ രാജ്യാന്തര നിലവാരമുള്ളതാക്കി ഉയർത്തും.

# ഭാര്യാ പീഡനം: യുവാവ് അറസ്റ്റിൽ

കൊച്ചി: ഭർത്താവും വീട്ടുകാരും ചേർന്ന് മാനസികമായും ശാരീരികമായും പീഡിപ്പിച്ചതായികാട്ടി ആലപ്പുഴ സ്വദേശിനി യുവതി നൽകിയ പരാതിയിൽ ഭർത്താവിനെ പൊലിസ് അറസ്റ്റ്ചെയ്തു.

തിരുവനന്തപുരം പാൽക്കുളങ്ങര സ്വദേശി ഷാജി (40)യാണ് അറസ്റ്റിലായത്.

കഴിഞ്ഞ ദിവസം കുടുംബ പ്രശ്നത്തിൽ മധ്യസ്ഥനാവാനെത്തിയ അഭിഭാഷകനെ ഹൈക്കോടതി വളപ്പിൽ വച്ച് വാഹനം ഇടിപ്പിക്കാൻ ശ്രമിച്ചെന്ന പരാതിയിൽ ഇയാൾക്കെതിരെ സെൻട്രൽ പൊലിസും കേസെടുത്തിട്ടുണ്ട്. ഹൈക്കോടതി അഭിഭാഷകനായ ദിലീഷ് ജോണിനെ (30) വാഹനം ഇടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമിച്ചെന്നാണ് പരാതി.

പ്രശ്നം ഒത്തുതീർപ്പാക്കാൻ പണം ആവശ്യപ്പെട്ടത് നൽകാതിരുന്നതിനെ തുടർന്ന് അഭിഭാഷകൻ തന്നെ കാറിൽ നിന്നിറക്കി മർദ്ദിക്കുകയായിരുന്നെന്ന് കാട്ടി ഷാജി നേരത്തെ പരാതി നൽകിയിരുന്നു. പരാതിയിൽ മൊഴി നൽകാനായി സെൻട്രൽ പൊലിസ് സ്റ്റേഷനിലെത്തിയ ഷാജിയെ ചൊവ്വാഴ്ച രാത്രി പത്തരയോടെ അറസ്റ്റ്ചെയ്യുകയായിരുന്നെന്ന് പാലാരിവട്ടം പൊലിസ് അറിയിച്ചു. ഇയാളെ റിമാൻഡ് ചെയ്തു.

# അവഗണനയുടെ മുൾപ്പടർപ്പിൽ ഡോ. പൽപ്പുവിന്റെ സ്മൃതിമണ്ഡപം

തിരുവനന്തപുരം: കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മുന്നണിപ്പോരാളിയും എസ്.എൻ.ഡി.പിയുടെ സ്ഥാപകരിൽ ഒരാളുമായിരുന്ന ഡോ. പൽപ്പുവിന്റെ ശവകുടീരം കാടുകയറി അനാഥമായ നിലയിൽ. ഇന്ത്യയിലെ മഹാന്മാരായ വിപ്ലവകാരികളിൽ അനശ്വരനായ വ്യക്തിയെന്ന് സരോജിനി നായിഡു വിശേഷിപ്പിച്ച മഹാനോടാണ് സാംസ്കാരിക കേരളത്തിന്റെ ഈ അനാദരം.

നന്തൻകോട് മ്യൂസിയം ബെയിൻസ് കോമ്പൗണ്ടിലാണ് പൽപ്പുവിന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം ഡോ. പൽപ്പുവിന്റെ കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിലാണ്. കാലങ്ങളായി ഇവിടം കാടുകയറി കിടക്കുകയാണെന്ന് നാട്ടുകാർ പറയുന്നു.

സ്വസ്ഥിക ആകൃതിയിലുള്ള സ്മൃതി മണ്ഡപത്തിന് സമീപം

ഡോ. പൽപ്പുവിന്റെ സ്മൃതിമണ്ഡപം

അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഒരു ചെമ്പകം നട്ടുപിടിപ്പിച്ചിരുന്നു. ഈ ചെമ്പകവും ഏതുനിമിഷവും നിലംപൊത്താവുന്ന അവസ്ഥയിലാണ്. ശവകുടീരം മതിൽ കെട്ടി സംരക്ഷിച്ചിരുന്നെങ്കിലും ഇതും തകർന്നിട്ടുണ്ട്.

സമീപത്തെ താമസക്കാരൻ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് മാറ്റിയതിനെ തുടർന്നാണ് സ്മൃതി മണ്ഡപത്തിന്റെ മതിൽ നിലംപൊത്തിയത്. ഇതോടെ മതിലിന്നരികിൽ നിന്നിരുന്ന ചെമ്പകവും പിഴുത് വീഴാവുന്ന അവസ്ഥയിൽ ആവുകയായിരുന്നു. അയൽവാസിയുടെ നടപടിക്ക് എതിരെ ഈഴവ മഹാസഭ ആർ.ഡി.ഒയ്ക്ക് പരാതി നൽകി. തുടർന്ന് സ്മൃതിമണ്ഡപത്തിന് ചുറ്റും മണ്ണിളകിയ സ്ഥലത്ത് ലാറ്ററൽ സപ്പോർട്ട് നൽകണമെന്ന് ആർ.ഡി.ഒ ഉത്തരവിട്ടു. എന്നാൽ നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

ജന്മവാർഷികവും ചരമവാർഷികവും വരുമ്പോൾ നാട്ടുകാരോ മറ്റോ ഇവിടം ചെറിയ രീതിയൽ വൃത്തിയാക്കും. പിന്നെ എന്തെങ്കിലും നടക്കണമെങ്കിൽ അടുത്തൊരു വിശേഷ ദിവസം വരണം. ഡോ. പൽപ്പുവിന്റെ സ്മൃതി മണ്ഡപം സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് കഴിയുമെന്ന് സ്ഥലവാസിയും വഞ്ചിയൂർ ബാറിലെ അഭിഭാഷകനുമായ നന്തൻകോട് ഹരിദാസ് അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പും പ്രശ്നത്തിൽ ഉടൻ ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സർക്കാർ സർവ്വീസിൽ മലയാളികൾക്ക് അർഹമായ പ്രാതിനിധ്യം നൽകണമെന്ന് ആവശ്യപ്പെട്ട് 1891ൽ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച മലയാളി മെമ്മോറിയലിന്റെ സൂത്രധാരന്മാരിൽ ഒരാളായിരുന്ന ഡോ. പൽപ്പു അതിൽ മൂന്നാമത്തെ ഒപ്പുകാരനുമായിരുന്നു. പിന്നീട് സമർപ്പിച്ച ഈഴവ മെമ്മോറിയലിന്റെ ശിൽപ്പിയും ഇദ്ദേഹമായിരുന്നു.

1863 നവംബർ രണ്ടിന് തിരുവനന്തപുരം പേട്ടയിൽ ജനിച്ച ഡോ. പൽപ്പു 1950 ജനുവരി 25ന് ആണ് നിര്യാതനായത്.

## യുവാവ് വെട്ടേറ്റ് മരിച്ച നിലയിൽ

കോട്ടയം: നാഗമ്പടം സ്റ്റേഡിയത്തിന് സമീപം യുവാവിനെ വെട്ടേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. നാഗമ്പടം കുഴിയിൽ വീട്ടിൽ സദൻ എന്നറിയപ്പെടുന്ന സദാനന്ദനാണ് മരിച്ച നിലയിൽ ഇന്നലെ രാവിലെ കണ്ടെത്തിയത്.

ഒരാഴ്ച മുമ്പ് നാഗമ്പടത്ത് തങ്കമ്മയെന്ന സ്ത്രീ മരിച്ച കേസിൽ പൊലിസിന് നിർണ്ണായക വിവരം നൽകിയ ശശിയുടെ സഹോദരനാണ് ഇയാൾ. മറ്റൊരു സഹോദരന്റെ ഹെൽമറ്റ് റിപ്പയർ കടക്കുസമീപമാണ് മൃതദേഹം കണ്ടത്.

## ചായക്കടകളിൽ മോഷണം

കുറുപ്പംപടി: മുടക്കുഴ പഞ്ചായത്തിലെ തുരുത്തി കവലയിൽ രണ്ട് ചായക്കടകളിൽ നിന്ന് 13,000 രൂപ മോഷണം പോയി. കവലയിലെ കുടുംബശ്രീ യൂണിറ്റിന്റെ ചായക്കടയിൽ നിന്ന് 10,000 രൂപയും തൈവേലിപ്പറമ്പിൽ രവിയുടെ ചായക്കടയിൽ നിന്ന് 3000 രൂപയുമാണ് മോഷണം പോയത്.

ചൊവ്വാഴ്ച രാത്രിയാണ് സംഭവം. രണ്ട് കടകളുടേയും മേൽക്കൂരയിലെ ഓടിളക്കി മോഷ്ടാവ് അകത്ത് കടന്നശേഷം മേശയിൽ സൂക്ഷിച്ചിരുന്ന പണമാണ് കവർന്നത്.

അലമാരയിൽ നിന്ന് പലഹാരങ്ങളും മോഷ്ടാവ് കൊണ്ടുപോയി. പൊലിസ് പരിശോധന നടത്തി. മോഷ്ടാക്കളെ ഉടൻ പിടികൂടണമെന്ന് തുരുത്തി റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ ആവശ്യപ്പെട്ടു.

# തുമ്പു കണ്ടെത്താൻ ഇനി ഗോൾഡിയില്ല

കൊച്ചി: കൊലപാതകം, മോഷണം തുടങ്ങി തലവേദനയായ കേസുകൾ പലതും തെളിയിക്കുന്നതിന് പൊലിസിനെ സഹായിച്ചിരുന്ന ജില്ലയിലെ ഏക പോലീസ് ട്രാക്കർ ഡോഗ് ഗോൾഡി യാത്രയായി. ഹിൽപാലസ് എ.ആർ. ക്യാമ്പിലെ ഡോഗ് സ്ക്വാഡിലുണ്ടായിരുന്ന 169ാം നമ്പർ കാരിയായ ഗോൾഡി കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് ബുധനാഴ്ചയാണ് മരിച്ചത്. ഗോൾഡിയുടെ മരണത്തോടെ കൊച്ചി സിറ്റിയിലും റൂറലിലും കേസന്വേഷണത്തിന്റെ ഭാഗമായുള്ള പരിശോധനകൾക്ക് പൊലിസ് നായയും ഇല്ലാതായി. അടുത്ത ജില്ലകളിൽ നിന്ന് പോലീസ് നായയെ അന്വേഷണത്തിനായി കൊണ്ടുവരേണ്ടി വരും.

രണ്ടുദിവസം മുമ്പ് കുറുപ്പംപടി വേങ്ങൂരിൽ റബ്ബർ തോട്ടത്തിൽ യുവാവ് വെട്ടേറ്റ് മരിച്ച കേസിന്റെ അന്വേഷണമായിരുന്നു ഗോൾഡിയുടെ അവസാനത്തെ ഔദ്യോഗിക ഡ്യൂട്ടി. ലാബ്രഡോർ റിട്രിവർ ഇനത്തിൽപ്പെട്ട ഗോൾഡിയുടെ നിറം സ്വർണവും മഞ്ഞയും കലർന്നതായിരുന്നു. ഒമ്പത് വയസുണ്ടായിരുന്ന ഗോൾഡി ഗ്വാളിയോറിലെ ബി.എസ്.എഫ്. അക്കാദമിയിൽ നിന്ന് 2004 ലാണ് ഹിൽപാലസിലെ പൊലിസ് ഡോഗ് സ്ക്വാഡിലെത്തിയത്. വർഷങ്ങൾക്ക് മുമ്പ് തടിയിട്ടപറമ്പ് സ്റ്റേഷനതിർത്തിയിൽ നടന്ന കൊലക്കേസ് പൂർണമായി തെളിയിക്കാൻ സഹായിക്കുകയും കൃത്യം നടന്ന സ്ഥലം പൊലിസിന് കാണിച്ചുകൊടുക്കുകയും ചെയ്തതാണ് ഗോൾഡിയുടെ സർവീസ് റെക്കോഡിലെ ഏറ്റവും തിളക്കമാർന്ന അധ്യായം.

ഒബീഡിയൻസ്, ടെന്റ് ഡിസ്ക്രിമിനേഷൻ, ടെന്റ് ഐഡന്റിറ്റിഫിക്കേഷൻ, ട്രാക്കിംഗ്, സെർച്ച് തുടങ്ങിയവയിലൊക്കെ ഗോൾഡി നല്ല മികവ് പുലർത്തിയിരുന്നതായി പ്രധാന പരിശീലകൻ പി.ആർ. മോഹൻകുമാർ പറഞ്ഞു.

രണ്ട് സംസ്ഥാനതല പൊലിസ് ഡോഗ് മീറ്റിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ ഗോൾഡി ചെന്നൈയിൽ നടന്ന അഖിലേന്ത്യാ മീറ്റിലും പങ്കെടുത്തിട്ടുണ്ട്. എ.ആർ. ക്യാമ്പ് അങ്കണത്തിൽ ഗോൾഡിക്ക് മുതിർന്ന പൊലിസുദ്യോഗസ്ഥർ ലാസ്റ്റ് സല്യൂട്ട് നൽകി. കമാൻഡന്റ് ഇ.കെ. ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് കമാൻഡന്റുമാരായ കെ. അനിയൻ, സാബു മാത്യു, പ്രദീപ്കുമാർ, എസ്.ഐ രമണൻ, ഡോഗ് സ്ക്വാഡ് എസ്.ഐ ബാബു റോയി എന്നിവരും എത്തിയിരുന്നു.

## നാടോടി സംഘത്തിലെ അമ്മയെയും മകളെയും കാണാതായി

കൊച്ചി: തമിഴ്നാട് സ്വദേശികളായ നാടോടിസംഘത്തിൽപ്പെട്ട അമ്മയെയും മകളേയും കാണാതാതായി പരാതി. തഞ്ചാവൂർ നാഗപട്ടം വൈ.എം.സി.എ. നഗർ സ്വദേശി അയ്യനാരുടെ മകൾ പ്രിയ (22), പ്രിയയുടെ മകൾ കാത്തായി (6) എന്നിവരെയാണ് കാണാതായത്. പ്രിയ ആറുമാസം ഗർഭിണിയാണ്.

കുടുംബാംഗങ്ങൾക്കൊപ്പം ചെണ്ടകൊട്ടി പാടി നടന്നിരുന്നവരാണ് ഇവർ. കാലടിയിലാണ് കുടിൽകെട്ടി താമസിച്ചിരുന്നത്.

കഴിഞ്ഞ 16 ന് പെരുമ്പാവൂർ സ്വകാര്യബസ് സ്റ്റാൻഡ് പരിസരത്തു നിന്നാണ് ഇവരെ കാണാതായതെന്ന് അയ്യനാർ പൊലിസിൽ നൽകിയ പരാതിയിൽ പറയുന്നു.